ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 27.10.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. ഗ്ലോബൽ സൗത്ത് മേഖലയിലെ പുരോഗതിക്ക് ഇന്ത്യ-സീഷെൽസ് പങ്കാളിത്തം നിർണായകമെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ.

   **Vice President C P Radhakrishnan says India-Seychelles partnership is crucial for progress in the Global South.**

2. ആഗോള സ്ഥിരതയ്ക്കും വികസനത്തിനും ശക്തമായ അടിത്തറപാകാൻ ഇന്ത്യ-ആസിയാൻ സമഗ്ര നയതന്ത്ര പങ്കാളിത്തതിന് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi says India-ASEAN comprehensive diplomatic partnership has laid a strong foundation for global stability and development.**

3. ഇന്ത്യ മാരിടൈം വീക്ക് 2025 കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് മുംബൈയിൽ ഉദ്ഘാടനം ചെയ്യും.

   **Union Home Minister Amit Shah will inaugurate India Maritime Week 2025 in Mumbai today.**

4. അന്താരാഷ്ട്ര സോളാർ അലയൻസ് അസംബ്ലിയുടെ എട്ടാമത് സെഷന് ഇന്ന് ന്യൂഡൽഹിയിൽ തുടക്കം.

   **The 8th session of the International Solar Alliance Assembly begins in New Delhi today.**

5. കേരളത്തിലെ വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മൂന്ന് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത. കേരള- കർണാടക -ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

**IMD has predicted heavy rains in northern districts of Kerala. Orange alert in three districts today. Fishing banned off the coasts of Kerala, Karnataka and Lakshadweep till tomorrow..**

6. ബഹ്റൈനിൽ നടന്ന ഏഷ്യൻ യൂത്ത് ഗെയിംസിൽ ഭാരോദ്വഹനത്തിൽ ഇന്ത്യയുടെ പ്രിതീ സ്മിത ഭോയിക്ക് റെക്കോർഡോടെ സ്വർണം.

**Indian weightlifter Priteesmita Bhoi secured gold medal with a new World Record at Asian Youth Games in Bahrain.**

✠✠✠✠✠✠✠✠✠✠✠✠✠

## VP SEYCHELLES (INTRO)

ഗ്ലോബൽ സൗത്ത് മേഖലകളിൽ സുരക്ഷയും പുരോഗതിയും ലക്ഷ്യമിട്ടുള്ള മഹാസാഗർ ദർശനം സാക്ഷാത്കരിക്കുന്നതിൽ സെഷെൽസ് പ്രധാന പങ്കാളിയായി തുടരുന്നുവെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. സെഷെൽസിലെ ഇന്ത്യൻ സമൂഹത്തെ അഭിസംബോധന ചെയ്യുകയായിരുന്നു ഉപരാഷ്ട്രപതി. ഇന്ത്യൻ മഹാസമുദ്ര മേഖലയിൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധതയും അദ്ദേഹം ആവർത്തിച്ചു.

(വോയിസ്)

സെഷെൽസിൻറെ പുതിയ പ്രസിഡൻറ് പാട്രിക് ഹെർമിണിയുടെ സത്യപ്രതിജ്ഞാചടങ്ങിൽ പങ്കെടുത്ത ഉപരാഷ്ട്രപതി, മൗറീഷ്യസ് പ്രധാനമന്ത്രി നവീൻചന്ദ്ര രാംഗൂലവുമായും കൂടിക്കാഴ്ച നടത്തിയിരുന്നു. രണ്ട് ദിവസത്തെ സന്ദർശനത്തിനായാണ് ഉപരാഷ്ട്രപതി സെഷെൽസിൽ എത്തിയത്.

✠✠✠✠✠✠✠✠✠✠✠✠✠

## MANN KI BAAT - 1

ദേശീയഗീതമായ വന്ദേമാതരത്തിൻറെ വരികൾ വിഭാവനം ചെയ്യുന്ന തരത്തിലുളള രാജ്യം കെട്ടിപ്പടുക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മാൻ കി ബാത്തിൻറെ 127-ാം പതിപ്പിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം. ഉരുക്കുമനുഷ്യൻ സർദാർ വല്ലഭ് ഭായ് പട്ടേലിൻറെ ജന്മവാർഷികദിനമായ ഈ മാസം 31 ന് രാജ്യമെമ്പാടും നടക്കുന്ന 'റൺ ഫോർ യൂണിറ്റി'യിൽ പങ്കെടുക്കാൻ അദ്ദേഹം ആഹ്വാനം ചെയ്തു.

✠✠✠✠✠✠✠✠✠✠✠✠✠

## MANN KI BAAT- 2

കാപ്പികൃഷിയുടെ പ്രാധാന്യത്തെക്കുറിച്ചും, കാപ്പിയുടെ സ്വാദിനെ ക്കുറിച്ചും മൻ കി ബാത്തിൽ പരാമർശിച്ച പ്രധാനമന്ത്രി, കേരളത്തിലെ വയനാട്, തിരുവിതാംകൂർ, മലബാർ പ്രദേശങ്ങളിലെ കാപ്പിയുടെ വൈവിധ്യം ശ്രദ്ധേയമാണെന്നും പറഞ്ഞു.

✠✠✠✠✠✠✠✠✠✠✠✠✠

## PM-ASEAN REVIEW (INTRO)

ആഗോള സ്ഥിരതയ്ക്കും വികസനത്തിനും ശക്തമായ അടിത്തറ പാകാൻ ഇന്ത്യ-ആസിയാൻ സമഗ്ര നയതന്ത്ര പങ്കാളിത്തതിന് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യ- ആസിയാൻ ഉച്ചകോടിയെ വിർച്വലായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആസിയാൻ-ഇന്ത്യ ബന്ധത്തിൻറെ പുരോഗതി പ്രധാനമന്ത്രിയും ആസിയാൻ നേതാക്കളും വിലയിരുത്തി. കമ്മ്യൂണിറ്റി വിഷൻ 2045 സ്വീകരിച്ചതിന് അദ്ദേഹം ആസിയാനെ അഭിനന്ദിച്ചു. മുഴുവൻ സാമ്പത്തിക സാധ്യതകളും പ്രയോജനപ്പെടുത്തുന്നതിനും പ്രാദേശിക സഹകരണം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ആസിയാൻ-ഇന്ത്യ സ്വതന്ത്ര്യ വ്യാപാര കരാർ ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

(വോയിസ്)

✠✠✠✠✠✠✠✠✠✠✠✠✠

## AMIT SHAH-INDIA MARITIME WEEK

ഇന്ത്യ മാരിടൈം വീക്ക് 2025 കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് മുംബൈയിൽ ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ പോർട്ട്സ് അസോസിയേഷൻറെ സഹകരണത്തോടെ കേന്ദ്ര തുറമുഖ-ജലഗതാഗത മന്ത്രാലയമാണ് അഞ്ച് ദിവസത്തെ പരിപാടി സംഘടിപ്പിക്കുന്നത്. സുസ്ഥിര സമുദ്ര വളർച്ച, വ്യാപാര വികസനം, സമുദ്ര സമ്പദ് വികസനം എന്നിവയിൽ ഇന്ത്യയുടെ കാഴ്ചപ്പാട് പ്രദർശിപ്പിക്കുകയാണ് പ്രധാനലക്ഷ്യം.

✠✠✠✠✠✠✠✠✠✠✠✠✠

## JAISANKAR EAST ASIA

വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ ഇന്ന് മലേഷ്യയിലെ ക്വാലാലംപൂരിൽ നടക്കുന്ന 20-ാമത് പൂർവേഷ്യൻ ഉച്ചകോടിയിൽ പങ്കെടുക്കും. ഇന്തോ-പസഫിക് മേഖലയിലെ സമാധാനം, സ്ഥിരത, അഭിവൃദ്ധി എന്നിവ നേരിടുന്ന വെല്ലുവിളികളെക്കുറിച്ചുള്ള ചർച്ചയിൽ അദ്ദേഹം രാജ്യത്തെ പ്രതിനിധീകരിക്കും. ഇന്നലെ ക്വാലാലംപൂരിൽ നടന്ന 47-ാമത് ആസിയാൻ ഉച്ചകോടിയുടെ ഭാഗമായി സിംഗപ്പൂർ വിദേശകാര്യ മന്ത്രി വിവിയൻ ബാലകൃഷ്ണനുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമുമായി, ഇന്ത്യ-മലേഷ്യ ദ്വിരാഷ്ട്ര സഹകരണം സംബന്ധിച്ചും ശ്രീ ജയശങ്കർ ചർച്ച ചെയ്തു.

✠✠✠✠✠✠✠✠✠✠✠✠✠

## GOYAL- VISIT BRUSSELS

കേന്ദ്ര വാണിജ്യമന്ത്രി പിയൂഷ് ഗോയലിൻറെ രണ്ട് ദിവസത്തെ ബെൽജിയം സന്ദർശനത്തിന് ഇന്ന് തുടക്കം. സന്ദർശനവേളയിൽ ഇന്ത്യ-യൂറോപ്യൻ യൂണിയൻ വ്യാപാരം, സാമ്പത്തിക സഹകരണം ശക്തിപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള ചർച്ചകൾ നടക്കും.

✠✠✠✠✠✠✠✠✠✠✠✠✠

## INTERNATIONAL SOLAR ALLIANCE

അന്താരാഷ്ട്ര സോളാർ അലയൻസ് അസംബ്ലിയുടെ എട്ടാമത് സെഷന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് തുടക്കമാകും. നാല് ദിവസത്തെ പരിപാടിയിൽ 124 രാജ്യങ്ങൾ പങ്കെടുക്കും. വിവിധ രാജ്യങ്ങളിലെ 40-ലധികം മന്ത്രിമാരും പരിപാടിയിൽ പങ്കെടുക്കും. സുസ്ഥിരവും

ശോഭനവുമായ ഭാവിയ്ക്കായി സഹകരണം ദൃഢമാക്കുന്ന തിലും സൗരോർജ്ജ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിലും ആഗോള സമൂഹത്തെ പ്രചോദിപ്പിക്കുന്നതാണ് പരിപാടി. ഈ മാസം 30 ന് പരിപാടി സമാപിക്കും.

✠✠✠✠✠✠✠✠✠✠✠✠✠

## VIGILENCE WEEK

രാജ്യത്ത് വിജിലൻസ് ബോധവത്കരണവാരാചരണത്തിന് ഇന്ന് തുടക്കം. ഉരുക്കുമനുഷ്യൻ സർദാർ വല്ലഭ് ഭായ് പട്ടേലിനോടുള്ള ആദരസൂചകമായാണ് വാരാചരണം സംഘടിപ്പിക്കുന്നത്. സുരക്ഷ, നമ്മുടെ പങ്കാളിത്ത ഉത്തരവാദിത്തം എന്നതാണ് ഇത്തവണത്തെ പ്രമേയം. ഇന്നലെ മൻ കി ബാതിൽ പ്രധാനമന്ത്രി ഇത് സംബന്ധിച്ച് പരാമർശിച്ചിരുന്നു. അടുത്തമാസം 2 ന് വാരാചരണം സമാപിക്കും.

✠✠✠✠✠✠✠✠✠✠✠✠✠

## BIHAR POLL CAMPAIGN

ബിഹാറിൽ നിയമസഭാ തിരഞ്ഞെടുപ്പ് ആദ്യ ഘട്ട വോട്ടെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കെ പ്രചാരണം ഊർജിതമാക്കി മുന്നണികൾ. എൻ.ഡി.എ, മഹാഗഢ്ബന്ധൻ മുന്നണികളുടെ മുതിർന്ന നേതാക്കൾ പ്രചാരണത്തിനായി സംസ്ഥാനത്തുണ്ട്. ഛഠ് പൂജ സമാപിക്കുന്നതോടെ വരും ദിവസങ്ങളിൽ ബി.ജെ.പി, ജെ.ഡി.യു, ആർ.ജെ.ഡി, കോൺഗ്രസ്സ് എന്നിവരുടെ താര പ്രചാരകരും ദേശീയ നേതാക്കളും ഉൾപ്പെടെ സംസ്ഥാനത്ത് കൂടുതൽ സജീവമാകുമെന്നാണ് സൂചന. അടുത്ത മാസം ആറിനാണ് സംസ്ഥാനത്ത് ആദ്യ ഘട്ട വോട്ടെടുപ്പ്.

✠✠✠✠✠✠✠✠✠✠✠✠✠

## ELECTION COMMISSION ADVISORY

ബീഹാർ തിരഞ്ഞെടുപ്പിലും ഉപതെരഞ്ഞെടുപ്പുകളിലും നിശ്ശബ്ദ പ്രചാരണസമയങ്ങളിൽ എക്സിറ്റ് പോൾ ഫലങ്ങൾ ഉൾപ്പെടെ നീരോധനം ഏർപ്പെടുത്തിയതായി കേന്ദ്രതിരഞ്ഞെടുപ്പ് കമീഷൻ. ഇത് സംബന്ധിച്ച് കമീഷൻ മാർഗ നിർദേശം പുറപ്പെടുവിച്ചു. 48 മണിക്കൂർ നിശബ്ദ കാലയളവിൽ ടിവി, റേഡിയോ, എന്നിവയിലൂടെ സംപ്രേഷണം ചെയ്യുന്ന പരിപാടികളുടെ ഉള്ളടക്കത്തിൽ പ്രത്യേക പാർട്ടിയെയോ

സ്ഥാനാർത്ഥിയെയോ പരാമർശിക്കുന്ന യാതൊന്നും ഉൾപ്പെടുത്തിയിട്ടില്ല എന്ന് ഉറപ്പാക്കണമെന്നും കമീഷൻ നിർദേശിച്ചു.

✠✠✠✠✠✠✠✠✠✠✠✠✠

## GEORGE KURIAN

കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് പാലക്കാട്. പാലക്കാട് നഗരസഭയുടെ വിവിധ സർക്കാർ വികസന പദ്ധതികൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും.

✠✠✠✠✠✠✠✠✠✠✠✠✠

## WEATHER KERALA

കേരളത്തിലെ വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെയും , കർണാടക തീരത്ത് വ്യാഴാഴ്ച വരെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

✠✠✠✠✠✠✠✠✠✠✠✠✠

## CYCLONE

ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട മോൻത ചുഴലിക്കാറ്റ് ഇന്ന് രാവിലെയോടെ ശക്തി പ്രാപിക്കുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ആന്ധ്രപ്രദേശ്, ഒഡീഷ, പശ്ചിമ ബംഗാൾ തീരങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയുണ്ട്. ഇന്ന് വൈകിട്ടോടെ ചുഴലിക്കാറ്റ് ആന്ധ്രാതീരത്തെ കാക്കിനടയ്ക്ക് സമീപം തീരം തൊടും.

✠✠✠✠✠✠✠✠✠✠✠✠✠

## WEIGHTLIFT

ബഹ്റൈനിൽ നടന്ന ഏഷ്യൻ യൂത്ത് ഗെയിംസിൽ ഇന്ത്യൻ ഭാരോദ്വഹന താരം പ്രിതീ സ്മിത ഭോയി പുതിയ ലോക റെക്കോർഡ് സ്ഥാപിച്ചു. പെൺകുട്ടികളുടെ 44 കിലോഗ്രാം വിഭാഗത്തിൽ മത്സരിച്ച പ്രിതീസ്മിത, ക്ലീൻ ആൻഡ് ജെർക്കിൽ 92 കിലോഗ്രാം ഉയർത്തി. ഈ

നേട്ടത്തോടെ പ്രിതീസ്ലിത സ്വർണ്ണ മെഡൽ ഉറപ്പിച്ചു. യൂത്ത് ഗെയിംസിൽ 24 മെഡലുമായി ഇന്ത്യ 9 ാാം സ്ഥാനത്താണ്.

✠✠✠✠✠✠✠✠✠✠✠✠✠

## KERALA SCHOOL MEET

കേരള സ്കൂൾ കായികമേളയിൽ 1539 പോയിൻറുമായി തിരുവനന്തപുരം ജില്ല മുന്നേറ്റം തുടരുന്നു. 173 സ്വർണ്ണം, 125 വെള്ളി, 147 വെങ്കലം എന്നിവ നേടിയാണ് തലസ്ഥാന ജില്ല മുന്നേറ്റം തുടരുന്നത്. 737 പോയിൻറുമായി തൃശൂർ രണ്ടാമതും 663 പോയിൻറുമായി പാലക്കാട് മൂന്നാമതുമാണ്.

✠✠✠✠✠✠✠✠✠✠✠✠✠

## GST-AGRICULTURE

പുതുക്കിയ ജി എസ് ടി പരിഷ്കരണത്തിലൂടെ ഭക്ഷ്യവസ്തുക്കളുടെ നികുതി ഇളവുകൾ സാധാരണക്കാർക്ക് ഗുണകരമാകുമെന്ന് വിലയിരുത്തൽ. 5 ശതമാനം നികുതി ഈടാക്കിയിരുന്ന പിസ്സ ബ്രെഡ്, ഖഖ്ര, ചപ്പാത്തി എന്നിവ നികുതി രഹിതമാക്കി. 18 ശതമാനം നികുതി ഈടാക്കിയിരുന്ന പറാത്ത ഉൾപ്പെടയുള്ളവയും നികുതി രഹിതമാക്കിയിട്ടുണ്ട്. സൂപ്പ്, ചോക്ലേറ്റ്, കൊക്കോ, ചായ, കാപ്പി ഉത്പന്നങ്ങൾ എന്നിവയുടെ നികുതി 5 ശതമാനമാക്കി.

✠✠✠✠✠✠✠✠✠✠✠✠✠

## GOLD CUP

സംസ്ഥാന സ്കൂൾ കായികമേളയിൽ ഇതാദ്യമായി ഓവറോൾ ചാമ്പ്യൻഷിപ്പ് നേടുന്ന ജില്ലയ്ക്ക് ഇത്തവണ മുഖ്യമന്ത്രിയുടെ സ്വർണക്കപ്പ് സമ്മാനിക്കും. നാളെ വൈകുന്നേരം നടക്കുന്ന സമാപന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ വിജയികൾക്ക് സ്വർണ്ണകപ്പ് കൈമാറും.

✠✠✠✠✠✠✠✠✠✠✠✠✠

✠✠✠✠✠✠✠✠✠✠

✠✠✠✠✠